# Automobile Technology

ജില്ലാ തലത്തിൽ നടക്കുന്ന മത്സരങ്ങളിൽ Automobile Technology മേഖലയിലെ അടിസ്ഥാനപരമായ വൈദഗ്ധ്യമുള്ള മത്സരാർത്ഥികളെ കണ്ടെത്തുകയാണ് പ്രധാന ലക്ഷ്യം. ഇതിനായി ജില്ലാ തലത്തിൽ നിന്നും യോഗ്യരായ മത്സരാർത്ഥികളെ കണ്ടെത്തുന്നതിനായി നടത്തുന്ന മത്സരങ്ങളിൽ പ്രധാനമായും ഓട്ടോമൊബൈൽ എൻജിന്റെ ഇലക്ട്രിക്കൽ സർക്യൂട്ടിന്റേയും, എൻജിൻ ടൈമിംഗിലേയും തെറ്റുകൾ കണ്ടുപിടിച്ച് പരിഹരിച്ച് സ്റ്റാർട്ട് ചെയ്ത് സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുവാനുള്ള വൈദഗ്ധ്യമാണ് പരിശോധിക്കുന്നത്. മത്സരാർത്ഥികൾ ഒരു നിശ്ചിതസമയത്തിനുള്ളിൽ അവർക്ക് നൽകിയിട്ടുള്ള വർക്ക് അതിന്റെ ശരിയായ ക്രമത്തിൽ പൂർത്തീകരിക്കേണ്ടതാണ്. മത്സരത്തിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള പ്രവർത്തനങ്ങൾ നീരീക്ഷിക്കുന്നതായിരിക്കും. കൂടാതെ മത്സരാർത്ഥികൾ മത്സരം ആരംഭിച്ച് തീരുന്നതുവരെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതായിരിക്കും.

മേഖലാ തല മത്സരങ്ങളിൽ ജില്ലാ തല മത്സരങ്ങൾക്ക് നൽകിയ വർക്കുകൾക്ക് പുറമെ വാഹനത്തിന്റെ suspension, break system -ങ്ങൾ ഓവർഹാൾ ചെയ്യുന്നതിനും പ്രിസിഷൻ ഉപകരണങ്ങൾ ഉപയോഗിച്ച് തേയ്മാനങ്ങൾ അളന്നു കണക്കാക്കുന്നതിനും, അഡ്വാൻസ്ഡ് ആയിട്ടുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് എൻജിന്റെ complaint കണ്ടുപിടിച്ച് പരിഹരിച്ച് സ്റ്റാർട്ട് ചെയ്യുന്നതിന് വൈദഗ്ധ്യം തെളിയിക്കേണ്ടതാണ്. 8 മണിക്കൂർ ദൈർഘ്യമുള്ള വർക്കുകളാകും നൽകുക.

സംസ്ഥാന തല മത്സരങ്ങളിൽ മത്സരാർത്ഥികൾക്കുള്ള കൂടുതൽ വൈദഗ്ധ്യം പരിശോധിക്കുന്ന വിധത്തിൽ ജില്ലാ മേഖല മത്സരങ്ങളിൽ പറഞ്ഞിരിക്കുന്ന വർക്കുകൾക്ക് പുറമെ എൻജിൻ മുഴുവനും പൊളിച്ച് തേയ്മാനങ്ങൾ കണക്കാക്കി പുതിയവ സ്ഥാപിച്ച് സ്റ്റാർട്ട് ചെയ്ത് പെർഫക്ട് റണ്ണിംഗ് ഉറപ്പു വരുത്തുന്നതിനുള്ള വൈദഗ്ധ്യം. ടി പരിശോധനകൾക്ക് വിധേയമാക്കി ആയിരിക്കും വിധി നിർണ്ണയിക്കുക.

മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ വൈദഗ്ധ്യത്തിനു പുറമെ മത്സരാർത്ഥിയുടെ മനോഭാവം, സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കൽ, വർക്ക് ഷോപ്പിലെ പെരുമാറ്റം, ടൂൾസ്, ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്ന രീതി എന്നിവ നിരീക്ഷിക്കുന്നതായിരിക്കും.

ആർ.വി 07.03.18